സകല ജാതികളെയും നീതിയുടെയും സമാധാനത്തിൻെറയും മാർഗത്തിൽ നയിപ്പാൻ നിനക്കിഷ്ടമുണ്ടാകണമെ.

ഞങ്ങളും സകല മനുഷ്യരും ദൈവഭക്തിയോടും സമാധാനത്തോടും ഭരിക്കപ്പെടേണ്ടതിന് എല്ലാ ഭരണാധികാരികളെയും വിശേഷാൽ ഞങ്ങളുടെ രാഷ്ട്രപതിയെയും പ്രധാനമന്ത്രിയെയും നിർമ്മലവും സമാധാനപരവുമായ ജ്ഞാനത്താൽ നടത്തുവാൻ നിനക്കിഷ്ടമുണ്ടാകണമെ.

സകല ബിഷപ്പൻമാരും, പ്രെസ്ബിററർമാരും ദിയാക്കോൻമാരും, വിശേഷാൽ.......എന്ന ഞങ്ങളുടെ മോഡറേററും.....എന്ന ഉത്തരേന്ത്യാ സഭയുടെ മോഡറേററും.........,....എന്ന മാർത്തോമ്മാ സഭയുടെ മെത്രാപ്പോലീത്തായും..........എന്ന ഞങ്ങളുടെ ബിഷപ്പും; തങ്ങളുടെ നടപ്പുകൊണ്ടും ഉപദേശംകൊണ്ടും നിൻെറ സത്യവും ജീവനുമുള്ള വചനത്തെ പ്രസിദ്ധപ്പെടുത്തുവാനും, നിൻെറ വിശുദ്ധ സക്രമെന്തുകളെ ശരിയായും ക്രമമായും ആചരിപ്പാനും അവർക്കു കൃപ നല്കുവാൻ നിനക്കിഷ്ടമുണ്ടാകണമെ.

സുവിശേഷപ്രയത്നത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും നടത്തി അനുഗ്രഹിക്കുവാനും എല്ലാ വിദ്യാഭ്യാസസ്ഥാപനകളെയും, ആരോഗ്യകേന്ദ്രങ്ങളെയും ആതുരശാലകളെയും നിൻെറ ആത്മാവിനാൽ പ്രകാശിപ്പിപ്പാനും, നിനക്കിഷ്ടമുണ്ടാകണമെ.

നിൻെറ സ്വർഗീയ ആശീർവാദത്താൽ ഞങ്ങൾ വരൾച്ചയിൽനിന്നും ക്ഷാമത്തിൽനിന്നും വിടുവിക്കപ്പെട്ടു ഭൂമിയുടെ ഫലങ്ങളെ അതതു സമയത്തു നന്ദിയോടെ അനുഭവിപ്പാൻ തക്കവണ്ണം കൃപ നല്കുവാൻ നിനക്കിഷ്ടമുണ്ടാകണമെ.

നിൻെറ സകല ജനങ്ങളും പ്രത്യേകം ഇവിടെ കൂടിയിരിക്കുന്ന ഈ സഭയും സൗമ്യഹൃദയത്തോടും

നല്ല ഭക്ʼതിയോടും നിൻെറ വിശുദ്ʼധവചനത്തെ കേട്ടʼ, കൈക്കൊണ്ടʼ, അവരുടെ ആയുസʼസിൻ നാളൊക്കെയും വിശുദ്ʼധിയിലും നീതിയിലും തങ്ങളുടെ വിവിധ വിളികളിൽ നിന്നെ സത്യമായി സേവിപ്പാൻ അവർക്കു നിൻെറ സ്വർഗീയ കൃപ നല്ʼകുവാൻ നിനക്കിഷ്ʼടമുണ്ടാകണമെ.

കർത്താവേ, സ്ʼഥിരമില്ലാത്ത ഈ ആയുസʼസിൽ ഉപദ്രവമോ, ദുഃഖമോ, ഞെരുക്കമോ, രോഗമോ, മററു വല്ല അനർഥമോ ഉള്ള എല്ലാവരെയും നിൻെറ നൻമ കൊണ്ടʼ ആശ്വസിപ്പിച്ചു സഹായിപ്പാൻ നിനക്കിഷ്ʼടമുണ്ടാകണമെ.

നിന്നിലുള്ള വിശ്വാസത്തോടും ഭയഭക്ʼതിയോടും ഈ ആയുസʼസിനെ വിട്ടുപോയവരായ നിൻെറ എല്ലാ ദാസർക്കായും ഞങ്ങൾ നിന്നെ സ്ʼതുതിക്കുന്നു. അവരോടുകൂടെ ഞങ്ങളും നിൻെറ സ്വർഗീയ രാജ്യത്തിനʼ ഓഹരിക്കാരാകേണ്ടതിനʼ അവരുടെ നല്ല ദൃഷ്ʼടാന്തങ്ങളെ പിന്തുടരുവാൻ ഞങ്ങൾക്കു കൃപ നല്ʼകണമെന്നും ഞങ്ങൾ നിന്നോടപേക്ʼഷിക്കുന്നു.

|| രണ്ടാമത്തെ ലിത്താനി

മേലിൽനിന്നുള്ള സമാധാനത്തിനുവേണ്ടിയും നമ്മുടെ ആത്ʼമാക്കളുടെ രക്ʼഷയ്ʼക്കുവേണ്ടിയും നമുക്കു കർത്താവിനോടു പ്രാർത്ʼഥിക്കാം.

**കർത്താവെ, കരുണയുണ്ടാകണമെ.**

(ഇപ്രകാരം ഓരോ അപേക്ʼഷയുടെയും പിന്നാലെ)

ലോകസമാധാനത്തിനുവേണ്ടിയും, ദൈവത്തിൻെറ വിശുദ്ʼധസഭയുടെ ക്ʼഷേമത്തിനുവേണ്ടിയും, സകല മനുഷ്യരുടെയും ഐക്യത്തിനുവേണ്ടിയും നമുക്കു കർത്താവിനോടു പ്രാർത്ʼഥിക്കാം.

സഭാമേലദ്ʼധ്യക്ʼഷൻമാർക്കുവേണ്ടിയും, എല്ലാ ശുശ്രൂഷകർക്കു വേണ്ടിയും, വിശേഷാൽ..........

